11068
17/5/17

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യ നീതി വകുപ്പ് - ഭിന്നശേഷിയുള്ള മാതാപിതാക്കളുടെ മക്കൾക്ക് സ്കോളർഷിപ്പ് നൽകുന്ന 'വിദ്യാകിരണം' പദ്ധതി - തുക വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യ നീതി (എ) വകുപ്പ്**

സ.ഉ (സാധാ) നം.274/2017/സാ.നീ.വ. തീയതി, തിരുവനന്തപുരം, 15/05/2017.

പരാമർശം: 1) സാമൂഹ്യ നീതി ഡയറക്ടറുടെ 20.04.2017 ലെ എച്ച്3-16443/17 നമ്പർ പ്രൊപ്പോസൽ.

2) 26.04.2017 ലെ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

സാമ്പത്തിക പരാധീനതമൂലം ദുരിതമനുഭവിക്കുന്ന ഭിന്നശേഷിയുള്ള മാതാപിതാക്കളുടെ (രണ്ടു പേരും/ആരെങ്കിലും ഒരാൾ) മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന 'വിദ്യാകിരണം' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും ടി പദ്ധതിയ്ക്കായി താഴെപ്പറയും പ്രകാരം സ്കോളർഷിപ്പ് നൽകുന്നതിനു വേണ്ടി 89.25 ലക്ഷം രൂപ ആവശ്യമാണെന്നും ടി തുക നടപ്പ് സാമ്പത്തിക വർഷം 2235-60-200-83 (P) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം സാമൂഹ്യ നീതി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

| ക്രമ നം. | ക്ലാസ്സ് | സ്കോളർഷിപ്പ് നിരക്ക് (മാസം) | ഗുണഭോക്താക്കളുടെ എണ്ണം | സ്കോളർഷിപ്പ് നൽകുന്ന കാലയളവ് | ജില്ല | ആവശ്യമായ തുക |
|---|---|---|---|---|---|---|
| 1 | 1 മുതൽ 5 വരെ | 300 | 25 | 10 മാസം | 14 | 10,50,000/- (300x25x10x14) |
| 2 | 6 മുതൽ 10 വരെ | 500 | 25 | 10 മാസം | 14 | 17,50,000/- (500x25x10x14) |
| 3 | +1, +2 തത്തുല്യ കോഴ്സുകൾ | 750 | 25 | 10 മാസം | 14 | 26,25,000/- (750x25x10x14) |
| 4 | ഡിഗ്രി, പി.ജി, പോളിടെക്നിക്ക്, തത്തുല്യ ട്രെയിനിംഗ് കോഴ്സുകൾ, പ്രൊഫഷണൽ കോഴ്സുകൾ | 1000 | 25 | 10 മാസം | 14 | 35,00,000/- (1000x25x10x14) |
| | ആകെ ആവശ്യമായ തുക | | | | | **₹ 89,25,000/-** |

26.04.2017 ൽ നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ഈ ശുപാർശയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, സാമ്പത്തിക പരാധീനതമൂലം ദുരിതമനുഭവിക്കുന്ന ഭിന്നശേഷിയുള്ള മാതാപിതാക്കളുടെ (രണ്ടു പേരും/ആരെങ്കിലും ഒരാൾ) മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന 'വിദ്യാകിരണം' എന്ന പദ്ധതിയ്ക്കായി മുകളിൽ പറയും പ്രകാരം സ്കോളർഷിപ്പ് നൽകുന്നതിനു വേണ്ടി ആവശ്യമായ 89.25 ലക്ഷം രൂപ 2235-60-200-83 (P) എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്ന് ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
മിനി ആന്റണി ഐ.എ.എസ്,
സ്പെഷ്യൽ സെക്രട്ടറി,

സാമൂഹ്യ നീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ), കേരളം, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ